
# ക്കു താങ്ങാകാം



ചിന്താവിഷയം

ഫാ. ജോസ് പന്തപ്ലാംതൊട്ടിയിൽ



ഭിച്ചിരുന്നു.

1901 മുതൽ 1912 വരെ സ്ട്രാസ്ബുർഗിലുള്ള തിയോളജിക്കൽ കോളജായിരുന്നു അദ്ദേഹത്തിന്റെ സേവനരംഗം. അതിനിടെയാണു ആഫ്രിക്കയിൽ മിഷനറിയായി പ്രവർത്തിക്കാൻ അദ്ദേഹം തീരുമാനിച്ചത്. മിഷൻപ്രവർത്തനത്തോടൊപ്പം രോഗികളെ ശുശ്രൂഷിക്കാൻ വേണ്ടി മെഡിസിനിൽ ഡോക്ടർ ബിരുദവും സമ്പാദിച്ചതിനുശേഷമായിരുന്നു 1913ൽ അദ്ദേഹം ആഫ്രിക്കയിലേക്കു യാത്രതിരിച്ചത്.

വെസ്റ്റ് സെൻട്രൽ ആഫ്രിക്കയിലുള്ള ഗാബൺ ആയിരുന്നു ഷൈറ്റ്സറുടെ പ്രവർത്തനമേഖല. അവിടെ അദ്ദേഹം സ്ഥാപിച്ച ആശുപത്രി അധികം താമസിയാതെ വലിയൊരു സംരംഭമായി മാറുകയുണ്ടായി. 1918ൽ ജർമനിയിൽ തിരിച്ചെത്തിയ അദ്ദേഹം അവിടെ താമസിച്ചതിനുശേഷം 1924ൽ വീണ്ടും ആഫ്രിക്കയിലെത്തി ആശുപത്രിയുടെ ചുമതല ഏറ്റെടുത്തു. അതോടൊപ്പം ഡോക്ടർ, സർജൻ, പാസ്റ്റർ, ഗ്രന്ഥകാരൻ, സംഗീതജ്ഞൻ എന്നീ നിലകളിൽ അദ്ദേഹം തന്റെ സേവനം തുടർന്നു.

ആഫ്രിക്കയിൽ ദീർഘകാലം വിവിധ രംഗങ്ങളിൽ സേവനമനുഷ്ഠിച്ച അദ്ദേഹത്തിനു നിരവധി അവാർഡുകളും ഓണററി ഡോക്ടർബിരുദങ്ങളും ലഭിക്കുകയുണ്ടായി. 1952ൽ അദ്ദേഹത്തിനു നൊബേൽ സമ്മാനവും ലഭിച്ചു. അന്നു സമ്മാനത്തുകയായി ലഭിച്ച 33,000 ഡോളർകൊണ്ട് അദ്ദേഹം ആഫ്രിക്കയിൽ ഒരു കുഷ്ഠരോഗാശുപത്രി സ്ഥാപിക്കുകയുണ്ടായി.

> ...ങ്ങുന്ന കാര്യത്തിൽ അവരെ സഹായിക്കാൻ നാം മറന്നുപോകരുത്. നാം പരസ്പരം ഭാരം താങ്ങുമ്പോൾ അവയുടെ ഭാരം ഏറെ കുറയുന്നു എന്ന കാര്യം എപ്പോഴും നമ്മുടെ ഓർമയിലുണ്ടാകട്ടെ.

യിരുന്നു. അവർ കുന്നു കയറുന്ന അവസരത്തിൽ കുറേ പിന്നിലായി ഒരു സ്ത്രീ വിറകിന്റെ വലിയ ഒരു ചുമടുമായി കുന്നുകയറുന്നുണ്ടായിരുന്നു. അതു കാണാനിടയായ ഷൈറ്റ്സർ അതിവേഗം ആ സ്ത്രീയെ സമീപിച്ച് ആ ചുമട് തന്റെ തലയിലേക്ക് ഏറ്റുവാങ്ങി. അതിനുശേഷം അദ്ദേഹം ആ ചുമട് കുന്നിൻമുകളിലെത്തിച്ച് ആ സ്ത്രീക്കു തിരികെ നൽകി.

ഈ സംഭവം നടക്കുമ്പോൾ ഷൈറ്റ്സർക്ക് 85 വയസുണ്ടായിരുന്നു. ചുമട് ആ സ്ത്രീയെ തിരിച്ചേൽപ്പിച്ചശേഷം അദ്ദേഹം സംഘാംഗങ്ങളുടെ കൂടെ എത്തിയപ്പോൾ അവരിലൊരാൾ ചോദിച്ചു: 'എന്തുകൊണ്ടാണ് അങ്ങ് ആ സ്ത്രീയുടെ ചുമട് വാങ്ങി അവരെ സഹായിച്ചത്?' അപ്പോൾ അദ്ദേഹം പറഞ്ഞു: 'ലോകത്തിലാരും അത്രയും വലിയൊരു ഭാരം തനിയെ ചുമക്കാൻ ഇടവരരുത്. അതുകൊണ്ടാണ് ഞാൻ അതു ചെയ്തത്.'

ജീവിതത്തിൽ മറ്റുള്ളവർ വഹിക്കുന്ന ഭാരങ്ങളെക്കുറിച്ചും മറ്റു ബുദ്ധിമുട്ടുകളെക്കുറിച്ചും ഏറെ അവബോധമുള്ള വ്യക്തിയായിരുന്നു ഡോ.ഷൈറ്റ്സർ. അതുപോലെ, അവരെ സഹായിക്കാൻ സന്മനസുള്ള ആളുമായിരുന്നു അദ്ദേഹം. തന്മൂലമാണല്ലോ ആ സ്ത്രീയുടെ ഭാരം ചുമക്കാൻ അദ്ദേഹം തയാറായത്.

ഡോ.ഷൈറ്റ്സർ ജർമനിയിൽനിന്ന് ആഫ്രിക്കയിലേക്കു പോയതുതന്നെ അവിടെയുള്ള പാവങ്ങളെ സഹായിക്കാനായിരുന്നു. പ്രത്യേകിച്ചും അവർക്കു വൈദ്യശുശ്രൂഷ നൽകാനായിരുന്നു. അതിനുവേണ്ടിയാണ് തനിക്കു കോളജിൽ സ്ഥിരമായ ഒരു ജോലി ഉണ്ടായിരുന്നിട്ടും അതുപേക്ഷിച്ചു മെഡിസിനിൽ ഡോക്ടർ ബിരുദത്തിന് അദ്ദേഹം പഠിച്ചത്.


അക്കാലത്ത് അദ്ദേഹം ദൈവശാസ്ത്രരംഗത്തും സംഗീതത്തിലും ഏറെ പ്രശോഭിച്ചുനിന്നിരുന്നു. എന്നാൽ, അതൊക്കെ മാറ്റിവച്ചാണ് അദ്ദേഹം മെഡിസിൻ പഠനത്തിലേക്കും അതിനുശേഷം ആഫ്രിക്കയിലെ സേവനത്തിലേക്കും തിരിഞ്ഞത്. അവിടെ അദ്ദേഹം ചെയ്ത ദീർഘകാല സേവനത്തിലൂടെ ധാരാളം ആളുകളുടെ ജീവിതഭാരം ലഘൂകരിക്കാൻ അദ്ദേഹത്തിനു സാധിച്ചുവെന്നതു ചരിത്രസത്യം.


ജീവിതത്തിൽ ധാരാളം ചുമടുകൾ വഹിക്കുന്നവരാണു നമ്മൾ എല്ലാവരും. നമ്മുടെ ചുമടുകൾക്കു ഭാരം വർധിക്കുമ്പോൾ അവയൊന്നു താങ്ങിത്തരാൻ ആരെങ്കിലുമുണ്ടായിരുന്നുവെങ്കിൽ എന്നു നാം ആഗ്രഹിക്കാറില്ലേ? അങ്ങനെയുള്ള അവസരത്തിൽ ആരെങ്കിലും നമ്മെ സഹായിക്കാൻ സന്നദ്ധരായാൽ അപ്പോൾ എന്ത് ആശ്വാസമായിരിക്കും നമുക്ക്!

നാം ഭാരം വഹിക്കുന്നുണ്ടെങ്കിൽ നമ്മെപ്പോലെയും ഒരുപക്ഷേ നമ്മെക്കാൾ അധികമായും ഭാരം വഹിക്കുന്നവരാണു നമ്മുടെ ചുറ്റിലുമുള്ളവർ. എന്നാൽ, അവർ വഹിക്കുന്ന ഭാരങ്ങളെക്കുറിച്ചോ അവരെ സഹായിക്കുന്നതിനെക്കുറിച്ചോ നാം കാര്യമായി ചിന്തിക്കാറുണ്ടോ? ഡോ.ഷൈറ്റ്സറെപ്പോലെ, മറ്റുള്ളവർ വഹിക്കുന്ന ഭാരങ്ങളെക്കുറിച്ചു നാം അവബോധമുള്ളവരാണെങ്കിൽ നാമും അദ്ദേഹത്തെപ്പോലെ മറ്റുള്ളവരെ സഹായിക്കാൻ തയാറായെന്നിരിക്കും. എന്നാൽ, മറ്റുള്ളവർ വഹിക്കുന്ന ഭാരങ്ങളെക്കുറിച്ച് നമുക്ക് അവബോധമില്ലെങ്കിൽ അവരെ സഹായിക്കുന്ന കാര്യത്തിൽ നാം ഒരു ചെറുവിരൽപോലും അനക്കാൻ ഇടയില്ല.

ഡോ.ഷൈറ്റ്സർ സൂചിപ്പിച്ചതു പോലെ, ലോകത്തിലാരും അവരുടെ വലിയ ജീവിതഭാരങ്ങൾ തനിയെ ചുമക്കാൻ നാം അനുവദിക്കരുത്. നമ്മുടെ ജീവിതഭാരങ്ങൾ താങ്ങുന്ന വ്യഗ്രതയിലും മറ്റുള്ളവരുടെ ഭാരം താങ്ങുന്ന കാര്യത്തിൽ അവരെ സഹായിക്കാൻ നാം മറന്നുപോകരുത്. നാം പരസ്പരം ഭാരം താങ്ങുമ്പോൾ അവയുടെ ഭാരം ഏറെ കുറയുന്നു എന്ന കാര്യം എപ്പോഴും നമ്മുടെ ഓർമയിലുണ്ടാകട്ടെ.

# വായനശാല



### BLOSSOMS OF LOVE

**Xavier Olickal C.S.T.,**
**Mathew Palakuzhiyil C.S.T.**
**Translated By Sr. Maria Treasa**
**Jeevan Books Bharananganam**
**Page: 104. Price: 90**

വിശുദ്ധ കൊച്ചുത്രേസ്യയുടെ ജീവിതത്തിലെ ത്യാഗപ്രവൃത്തികളുടെ സമാഹരണമാണിത്. ത്യാഗനിർഭരമായ ജീവിതം നയിക്കാൻ വായനക്കാരനെ പ്രേരിപ്പിക്കുന്ന വാക്കുകളാണ് 11 അധ്യായങ്ങളിലായി രേഖപ്പെടുത്തിയിരിക്കുന്നത്. ഒരു വിശുദ്ധയുടെ ജീവിതത്തിലൂടെ കടന്നുപോകുന്ന അനുഭവം മാത്രമല്ല, ജീവിതത്തിലെ നിസാരമെന്നു കരുതുന്ന ത്യാഗങ്ങൾപോലും ജീവിതത്തെ മഹത്വമുള്ളതാക്കുന്നതെങ്ങനെയെന്നു പഠിപ്പിക്കുന്ന വാക്കുകൾ കൂടിയാണ് ഇതിലുള്ളത്. മലയാളത്തിൽനിന്നാണ് ഇംഗ്ലീഷിലേക്കു പരിഭാഷ നടത്തിയിരിക്കുന്നത്. എല്ലാം ചെറിയ സംഭവങ്ങളായി അക്കമിട്ടു നിരത്തിയിരിക്കുന്നതിനാൽ വായന ലളിതമാക്കുന്നു.

### കൂട്ടുകൂടാം യേശുവിനൊപ്പം (സുവിശേഷ ബാല കവിതകൾ)

**ഉണ്ണി അമ്മയമ്പലം**
**ജീവൻ ബുക്സ്, ഭരണങ്ങാനം**
**പേജ് 40, വില: 60**

ബാലസാഹിത്യത്തിൽ മികവു തെളിയിച്ച ഗ്രന്ഥകാരന്റെ ശ്രദ്ധേയമായ സൃഷ്ടി. വായിക്കാനും ചൊല്ലാനും ഒരുപോലെ മികച്ചത്. നന്മയുടെ ഇ ചെറുകവിതകൾ കുട്ടികളും മുതിർന്നവരും ഒരുപോലെ ഇഷ്ടപ്പെടുമെന്ന കാര്യത്തിൽ സംശയമില്ല. മികച്ച കളർപേജുകളും അനുയോജ്യമായ ചിത്രങ്ങളും കവിതകളുടെ ആകർഷണീയത വർധിപ്പിച്ചിരിക്കുന്നു.

### ചാരത്തിൽനിന്നു ചാരത്തേക്ക്


**പരിഭാഷ: വിനായക് നിർമൽ**
**ജീവൻ ബുക്സ്, ഭരണങ്ങാനം**
**പേജ് 120, വില: 100**


അജ്ഞാതനായ ഒരു ഈശോസഭാ സന്യാസിയുടെ നോമ്പുകാല താപസചിന്തകളാണ് ഇത്. അഗാധമായ ആത്മീയതയുടെ അനുഭവത്തിൽനിന്നെഴുതിയിരിക്കുന്ന ഈ ചിന്തകൾ നോമ്പുകാലത്തുമാത്രമല്ല, ഏതുദിവസവും വായിക്കാവുന്നവയാണ്. ഏകാന്തതയിലെ ധ്യാനത്തിന്റെ സംതൃപ്തിയാണ് ഇതിലെ വാക്കുകൾ പ്രദാനം ചെയ്യുന്നത്. ക്രിസ്തുവിനോടൊപ്പം ആയിരിക്കാനും ചിന്തിക്കാനും മാത്രമല്ല, ജീവിതത്തിൽ മാറ്റമുണ്ടാക്കുവാനും ആഹ്വാനം ചെയ്യുന്ന ചിന്തകൾ.

### വീടുവിഴുങ്ങുന്നവരും ചില്ലിക്കാശും

**ഡോ. മൈക്കിൾ കാരിമറ്റം**
**ജീവൻ ബുക്സ്, ഭരണങ്ങാനം**
**പേജ് 139, വില: 110**

മനസിലാക്കാൻ വിഷമമുള്ളതും തെറ്റിദ്ധരിക്കപ്പെടാൻ സാധ്യതയുള്ളതുമായ ബൈബിൾ വചനങ്ങളെയും പരാമർശങ്ങളെയും സഭാപ്രബോധനങ്ങളോടു ചേർന്നുനിന്നു വിശദീകരിക്കുന്ന ഗ്രന്ഥം. ബൈബിൾ പഠിക്കുന്നവർക്കും പഠിപ്പിക്കുന്നവർക്കും സാധാരണക്കാർക്കുമെല്ലാം ഒരുപോലെ ഉപയോഗപ്രദം. 24 അധ്യായങ്ങളിലായി നടത്തിയിരിക്കുന്ന ബൈബിൾ പഠനത്തിൽ ചരിത്രവും ദൈവശാസ്ത്രവുമെല്ലാം കോർത്തിണക്കപ്പെട്ടിരിക്കുന്നു. ബൈബിൾ പഠനമേഖലയിൽ ഉജ്വലമായ സൃഷ്ടിയെന്നു വിശേഷിപ്പിക്കാതെ വയ്യ.



### അമ്മ ദിവ്യപ്രകാശം (ഹൈന്ദവ പ്രാർഥനാ പുസ്തകം)

**ചന്ദ്രമന വാസൻ നമ്പൂതിരി**
**ചന്ദ്രമന ബുക്സ്, കുമരകം**
**ഫോൺ: 0481 2524233, 9656233608**
**പേജ് 64, വില: 55**

ലളിതാസഹസ്രനാമത്തിൽനിന്നുള്ള വരികൾ മലയാളത്തിൽ പ്രാർഥനാരൂപത്തിൽ നല്കിയിരിക്കുന്നു. അർഥം മനസിലാക്കി പ്രാർഥിക്കാൻ സഹായിക്കുന്ന ഗ്രന്ഥം. 1061 വരികളാണ് ഇതിലുള്ളത്.

### മാന്ത്രികച്ചെപ്പ് (നാടകം)

**കുര്യനാട് ചന്ദ്രൻ**
**അമൃത ബുക്സ്, കൂത്താട്ടുകുളം**
**ഫോൺ: 9847891073**
**പേജ് 80, വില: 90**

അങ്കമാലി അമൃത നാടകസമിതിക്കുവേണ്ടി എഴുതി വേദിയിൽ അവതരിപ്പിച്ച നാടകം. സ്ത്രീധനം, മദ്യാസക്തി എന്നിവയുടെ ദൂഷ്യഫലങ്ങൾ വെളിപ്പെടുത്തുന്നതും അവയെ വർജിക്കാൻ പ്രേരിപ്പിക്കുന്നതുമായ ചിന്തകളാണ് അവതരിപ്പിച്ചിരിക്കുന്നത്. കാണികളെ പിടിച്ചിരുത്തുന്നത്ര ലളിതവും മൂർച്ചയുള്ളതുമായ ഡയലോഗുകൾ.

### ആനന്ദമാർഗം

**ഓംറാം മിഖായേൽ ഐവനോവ്**
**വിവർത്തനം: ഡോ. മൈക്കിൾ പുത്തൻതറ**
**ബുക് മീഡിയ, ചൂണ്ടച്ചേരി കോട്ടയം**
**ഫോൺ: 9446288878**
**പേജ് 220, വില: 200**

ജീവിതത്തിൽ ആനന്ദം ഉളവാക്കാൻ സഹായിക്കുന്ന ചിന്തകളുടെ സമാഹാരമാണിത്. മനുഷ്യർക്കുണ്ടാകുന്ന നൈമിഷിക സന്തോഷങ്ങളെ ആനന്ദമാക്കി മാറ്റുന്നതിന് ഉന്നതമായ ചിന്തയും പരിശീലനവും ആവശ്യമാണെങ്കിൽ അതിനുള്ള വഴികാട്ടിയാണ് ഇതിലെ ലേഖനങ്ങൾ. ആനന്ദത്തിന്റെ വിത്തുപാകൽ, സ്വാർഥതയിൽ ആനന്ദമില്ല, സ്നേഹത്തിന്റെ വിശാലത, ശത്രുക്കൾ നല്ലതാണ് തുടങ്ങി 21 അധ്യായങ്ങളാണ് ഉള്ളത്.

### പഴങ്കാല കവിതകളും പലകാല കവിതകളും

**ഡി.ജോസഫ് ക്ലാപ്പന**
**ഫോൺ: 09884953915**
**പേജ് 134, വില: രേഖപ്പെടുത്തിയിട്ടില്ല**

സാമൂഹികവും രാഷ്ട്രീയവും മതപരവുമായ വിഷയങ്ങളിൽ ഗ്രന്ഥകാരൻ എഴുതിയിട്ടുള്ള കവിതകളുടെ സമാഹാരം. 134 കവിതകളിൽ കുട്ടിക്കവിതകളും പഴങ്കാല കവിതകളുമെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ട്. ഡോ. കെ. രവീന്ദ്രരാജായുടേതാണ് അവതാരിക.

## കനൽക്കട്ടകൾ പെയ്തിറങ്ങിയ

# പോംപെയിൽ



**ഇറ്റലിയിലെ പോംപെ നഗരത്തിലേക്കുള്ള യാത്ര ചരിത്രത്തെ തൊട്ടുനോക്കലാണ്. യൂറോപ്പിലെ ഏറ്റവും വലിയ അഗ്നിപർവതസ്ഫോടനം അവിടെ എ.ഡി.79ൽ സംഭവിച്ചു. പോംപെയ്ക്ക് അന്നു നഷ്ടമായത് ആയിരക്കണക്കിന് ജനങ്ങളുടെ ജീവനാണ്. പൂർണ്ണമായും തകർന്നടിഞ്ഞ പോംപെയിലേക്ക് ഒരുവട്ടംകൂടി...**

**കാരൂർ സോമൻ**

ലോകത്തെ നടുക്കിയ യൂറോപ്പിലെ ഏറ്റവും വലിയ അഗ്നിപർവത സ്ഫോടനം സംഭവിച്ചത് എ.ഡി.79ലാണ്. സ്ഫോടനത്തെ തുടർന്ന് തീയും പുകയും പരന്ന് പരിസരപ്രദേശമായ പോപെയ്ക്കു അന്ന് നഷ്ടമായത് ആയിരക്കണക്കിന് ജനങ്ങളുടെ ജീവനാണ്. പൂർണ്ണമായും തകർന്നടിഞ്ഞ് ഇരുളിലമർന്ന പോംപെയെന്ന ചെറിയ നഗരത്തിലേക്ക് പ്രവേശിക്കാൻ ആഴ്ചകൾ വേണ്ടി വന്നു. അന്ന് റോമൻ സാമ്രാജ്യത്തിന്റെ അധീനതയിലായിരുന്നു പോംപെ. ഇന്ന് ഇറ്റലിയുടെ തലസ്ഥാനമായ റോമിൽ നിന്നും അവിടെയെത്താൻ മൂന്നോ നാലോ മണിക്കൂർ മതി. ആകാശം മുട്ടെ ഉയർന്നുനിൽക്കുന്ന ആ അഗ്നിപർവതത്തിലേക്കുള്ള എന്റെ യാത്ര വെറും ഒരു സഞ്ചാരം മാത്രമായിരുന്നില്ല. അത് ഒരു സാഹസിക യാത്രയായിരുന്നു.

റോമിലെ പോപ്പുലർ സ്ക്വയറിൽ രാവിലെ ആറു മണിക്ക് തന്നെയെത്തി. പോപ്പുലർ സ്ക്വയറിൽ നിന്നായിരുന്നു ഞങ്ങൾക്കുള്ള വാഹനം പുറപ്പെടുന്നത്.

ഇതിനടുത്തുള്ള സെന്റ് മരിയ പള്ളി ഒരു ആരാധനാലയവും, ഒപ്പം ലോകപ്രശസ്ത ചിത്രകാരനും ഗവേഷകനും ബുദ്ധിജീവിയുമായിരുന്ന ലിയനാർഡോ ഡാവിഞ്ചിയുടെ മ്യൂസിയവുമാണ്. രാവിലെ നനുനനുത്ത ശീതക്കാറ്റിൽ ഞങ്ങൾ വാഹനവും കാത്തു നിൽക്കുമ്പോൾ പള്ളിയിൽ നിന്നു മണികൾ മുഴങ്ങുന്നത് കേൾക്കാമായിരുന്നു.

കൃത്യസമയത്തുതന്നെ ഞങ്ങൾക്ക് യാത്ര ചെയ്യേണ്ട അതിമനോഹരമായ ബസ് ഞങ്ങൾക്കരികിലേക്ക് ഒഴുകിയെത്തി. സുന്ദരിയായ ഒരു യുവതി നിറപുഞ്ചിരിയോടെ ബസിൽ നിന്നിറങ്ങി ഞങ്ങൾക്കരികെ വന്ന് "ബുയോൺ ജി ഓർനോ" എന്ന് അഭിസംബോധന ചെയ്തു. ഒന്നും മനസ്സിലായില്ല. അടുത്തു നിന്ന ഇറ്റലിക്കാരിയോട് ചോദിച്ചു. ഗുഡ് മോണിംഗ് എന്ന് ഇറ്റാലിയൻ ഭാഷയിൽ പറഞ്ഞതാണെന്ന് അവർ മനസ്സിലാക്കിത്തന്നു. ഇറ്റലിക്കാരോട് ഇറ്റാലിയൻ ഭാഷയിലും മറ്റുള്ളവരോട് ഇംഗ്ലീഷിലും ആ സുന്ദരി സംസാരിച്ചുകൊണ്ടിരുന്നു. വാചാലമായ വാക്ചാതുരിയിൽ എല്ലാവരേയും ആകർഷിച്ചു കൊണ്ടിരിക്കുന്ന ആ ഗൈഡിന്റെ പേര് റബേക്ക എന്നാണ്. റബേക്ക ഇംഗ്ലണ്ടുകാരിയും കാമുകൻ ഇറ്റലിക്കാരനുമാണ്.

ഞങ്ങളുടെയെല്ലാം കഴുത്തിലണിയാൻ നീലനിറത്തിലുള്ള ബാഡ്ജ് തന്നു. പലരാജ്യങ്ങളിൽ നിന്നുമുള്ളവർ കൂട്ടം തെറ്റി പോകാതിരിക്കാനാണ് ഈ നിറമുള്ള ബാഡ്ജുകൾ നൽകുന്നത്. അതിനോടൊപ്പം ഒരു ഹെഡ് ഫോണും നൽകി. ബസിലിരുന്നപ്പോൾ പോംപെയെപ്പറ്റി അവർ കൂടുതൽ വിവരണങ്ങൾ നൽകിക്കൊണ്ടിരുന്നു.

റോമൻ നഗരത്തിലെ അംബരചുംബികളായ കെട്ടിടങ്ങൾ കടന്ന് പോംപെ സ്ഥിതിചെയ്യുന്ന നാപോളിലേക്കുള്ള റോഡിൽ പ്രവേശിച്ചു. മൂന്നും നാലും വാഹനങ്ങൾക്ക് ഒരേ സമയം സഞ്ചരിക്കാൻ കഴിയുന്ന നീണ്ടുനിവർന്നു കിടക്കുന്ന മനോഹരമായ പാത. വിജനമായ ആ പാതയിലൂടെ ഞങ്ങളെയും വഹിച്ചുകൊണ്ട് രഥസമാനമായ ആ വാഹനം കുതിച്ചുകൊണ്ടേയിരുന്നു. പാതക്കിരുവശവും അര കിലോമീറ്റർ അകലത്തിലായി ഉയർന്നു നിൽക്കുന്ന പർവ്വതനിരകൾ കണ്ട് ഞാൻ ആശ്ചര്യപ്പെട്ടു.

ആകാശം മുട്ടെ ഉയർന്നു നിൽക്കുന്ന ഈ പർവതങ്ങളുടെ താഴ്‌വരകൾ പച്ചിലക്കാടുകളാൽ സമൃദ്ധമാണ്. അങ്ങിങ്ങായി ചെറിയ വീടുകൾ കാണാം. ഈ രാജ്യത്തിന് പ്രകൃതി കനിഞ്ഞു നൽകിയ വരദാനമാണ് ഈ പർവതനിരകൾ.

ഓരോ രണ്ടായിരം വർഷം പിന്നിടുമ്പോഴും സജീവമായ അഗ്നിപർവതങ്ങളിൽ സ്ഫോടനം സംഭവിക്കാമെന്ന് ചില ഭൗമശാസ്ത്രജ്ഞർ വിവരിച്ചിട്ടുണ്ടെങ്കിലും അത് എപ്പോൾ സംഭവിക്കുമെന്ന് അവർക്കുമറിയില്ല. പരിസ്ഥിതി നശീകരണവും മലിനീകരണവും മനുഷ്യരാശിക്ക് ഭീഷണിയായി വളർന്ന ഈ കാലഘട്ടത്തിൽപ്പോലും ഇത്തരം ദുരന്തങ്ങളിൽ നിന്നും മനുഷ്യൻ പാഠം ഉൾക്കൊള്ളുന്നില്ലായെന്നത് വേദനാജനകമാണ്.

മിക്ക പർവതങ്ങളുടെയും ശിഖരം കറുത്ത പാറകൾ കൊണ്ട് നിറഞ്ഞ് സൂര്യപ്രഭയേറ്റ് വെട്ടിത്തിളങ്ങുന്നു. ഏറ്റവും ഉയരം കൂടിയ പർവ്വതത്തിന്റെ മുകളിലെ വെള്ളിക്കുരിശ് ആരിലും കൗതുകമുണർത്തുന്ന കാഴ്ചയാണ്.

എ.ഡി.62ലുണ്ടായ ഭൂമി കുലുക്കത്തിൽ ഈ നഗരവും നഗരവാസികളും തകർന്നടിഞ്ഞത് ചരിത്രത്താളുകളിലുണ്ട്. ഏറ്റവും കൂടുതൽ ചക്രവർത്തിമാർ ജിവിച്ചിരുന്നത് റോമിലാണ്. അവർ നടത്തിയ നരവേട്ടകളെയും ക്രൂരതകളെയുംകുറിച്ച് ഓരോ ഇറ്റലിക്കാരനും, ചരിത്രം വായിക്കുന്നവർക്കുമറിയാം. റോമൻ ഭരണാധിപന്മാർക്ക് കിട്ടിയ ശിക്ഷയാണെന്ന് പോംപെ അഗ്നിപർവ്വതത്തെ ചിലരൊക്കെ പറയാറുണ്ട്. റോമിലെ ഉന്നത പട്ടാളക്കാരും കുടുംബവും പാർത്തിരുന്നത് പോംപെയിലായിരുന്നുവെന്നത് ഇതിനൊരു കാരണമായി അവർ വിശ്വസിക്കുന്നു.

ഈ അഗ്നിപർവതങ്ങളിൽ നിന്നും ആകാശത്തേക്കുയർന്ന കനൽക്കട്ടകൾ വന്നു പതിച്ചത് റോമൻ പട്ടാളക്കാരുടെ സുഖവാസ കേന്ദ്രങ്ങളിലും പാർപ്പിടങ്ങളിലുമാണ്. അഗ്നിപർവതങ്ങളിൽ നിന്നും പുറത്തേക്കൊഴുകിയ കറുത്ത ലാവയിൽ പൊലിഞ്ഞുപോയ ജീവനുകളെ ഇന്നത്തെ മനുഷ്യൻ ഭീതിയോടെ ഓർക്കുന്നു. ഇത്തരം ദുരന്തങ്ങളെ ഒരു പറ്റം ജനങ്ങൾ അന്ധവിശ്വാസത്തിന്റെ ഇരുളറകളിൽ അടച്ചിട്ട് ഭയഭക്തിയോടെ നോക്കിക്കാണുമ്പോൾ മറ്റൊരു പക്ഷം ഇതിനെ ശാസ്ത്രജ്ഞർ വിലയിരുത്തിയ പ്രകൃതി ദുരന്തമായി കാണുന്നു.



### കള്ളംപറച്ചിൽ വലിയ തെറ്റാണോ?



എന്തിനും ഏതിനും എവിടെയും എപ്പോഴും ആവശ്യത്തിനും അനാവശ്യത്തിനും കളവുപറയുക. ഒന്നും നേടാനല്ല, അതൊരു ശൈലിയായിപ്പോയി കേരളത്തിൽ. ഒരു കള്ളം പോലും പറയാതെ ഒരു ദിവസം കടത്തിവിടുന്നവർ ചുരുക്കം. സംഭാഷണത്തിന്റെ രീതിതന്നെ പൊളികലർത്തിപ്പറയുക എന്നതാണെന്നു ധരിച്ചവരായ ഒരു സമൂഹം നമുക്കുണ്ട്. അത്തരം അച്ചിലിട്ടു വാർത്തെടുത്തത് കുടുംബംതന്നെയാണ്. കളിപ്പാട്ടം പിറകിൽ മറച്ചുപിടിച്ചിട്ട് ദേ, കാക്ക കൊണ്ടുപോയി എന്നു പറയുന്ന അമ്മ കുട്ടിക്ക് കള്ളത്തരത്തിന്റെ ബാലപാഠം കൊടുത്തുകഴിഞ്ഞു. പിന്നീട് ആ കളിസാധനം വീട്ടിനുള്ളിൽ കാണുന്നതോടെ അവന്റെ നിഷ്കളങ്കതയും കാക്കകൊണ്ടുപോകാൻ തുടങ്ങിക്കഴിയും.

മാതാപിതാക്കളുടെ ഉത്തരം ചിന്താശൂന്യത ഗൗരവപൂർവം വീക്ഷിക്കേണ്ടിയിരിക്കുന്നു. നമ്മുടെ സംസ്കാരം പുഴുക്കുത്തേറ്റു പോകാതെ നോക്കണം. നുണകൾ നൽകുന്ന താത്കാലിക നേട്ടം ഒരാളുടെ വ്യക്തിത്വത്തിൽ സ്ഥിരമായ കോട്ടമാണു വരുത്തുന്നതെന്നു മറക്കാതിരിക്കാം. സത്യം മാത്രം പറയുന്നവർക്കു ലഭിക്കുന്ന സുഖവും ശാന്തിയും അനുഭവിച്ചറിയാൻ കുഞ്ഞുങ്ങൾക്കു അവസരം നൽകുക. അതു സാധ്യമാണ്, സാധ്യമാണ്, ക്ഷിപ്രസാധ്യമാണ്. വിട്ടുവീഴ്ചയില്ലാത്ത ആത്മബന്ധം സത്യവുമായി നമുക്കുണ്ടായാൽ മാത്രം മതി. നഷ്ടപ്പെട്ട സംസ്കാരത്തനിമ നമുക്കു വീണ്ടെടുക്കാം.

**സിസിലിയാമ്മ പെരുമ്പനാനി**
**9447168669**

# കവിതയുടെ മധുചഷകം



റോസ് മേരി



'ഈ തലമുറയെ ഓർത്ത് ഞാൻ സന്തോഷിക്കുന്നു. ഒരു അനുരഞ്ജനത്തിനും അവർ തയാറല്ല. അവരുടെ സ്വപ്നങ്ങൾ എല്ലാം അവർ നടത്തുന്നു. എന്റേതുപോലുള്ളവരുടേത് വേറൊരു ലോകമായിരുന്നു. തോറ്റുപോയെന്നു തോന്നുന്നില്ല. സ്വാതന്ത്ര്യത്തിന്റെ സ്നേഹരഹിതമായ ലോകം എനിക്കു വേണ്ട'... റോസ് മേരി പറയുന്നു. വർഷങ്ങളായി എഴുതാതിരുന്നിട്ടും വായനക്കാരുടെ മനസിൽ വലിയ ഇടമുള്ള റോസ് മേരിയെക്കുറിച്ച്...

ആൻസി സാജൻ

യാഥാർഥ്യങ്ങളെക്കാൾ തീവ്രമായി സ്വപ്നങ്ങളുടെ ലോകത്ത് അഭിരമിച്ചൊരു കുട്ടിക്കാലമായിരുന്നു റോസ്മേരിയുടേത്. നീണ്ട പകൽ വേളകളിൽ ബദാംമരത്തിന്റെ ചുവട്ടിലും മൾബറി മരത്തിന്റെ താഴത്തെ കൊമ്പിലും വീടിനു ചുറ്റും ചിതറിക്കിടക്കുന്ന പാറച്ചെരിവുകളിലുമിരുന്ന് കനവുകളിൽ മുഴികിയൊരു കുട്ടി. അന്നത്തെ കൽപനകൾക്കു തീരെയും സ്ഥിരതയുണ്ടായിരുന്നില്ല. ശക്തമായ കാറ്റടിച്ചാൽ പാറിപ്പോകുന്ന മേഘങ്ങളെപ്പോലെയായിരുന്നു അവ.


വീട്ടിൽ, ചാപ്പലുകളെ അനുസ്മരിപ്പിക്കുന്ന വിശാലമായ പ്രാർഥനാമുറിയും വിശുദ്ധരുടെ എണ്ണമറ്റ ഛായാചിത്രങ്ങളും പ്രതിമകളും മുന്തിരിവള്ളികളും റോസാപുഷ്പങ്ങളും... എരിഞ്ഞുനിൽക്കുന്ന ശരറാന്തലിന്റെയും വർണവിളക്കുകളുടെയും പ്രകാശത്തിൽ വിശുദ്ധർക്കെല്ലാം ജീവൻവച്ചതുപോലെ.... അക്കാലത്ത് ഒരു പുണ്യവതിയാകാൻ ആഗ്രഹിച്ചു മരിയ ഗൊരേത്തി എന്ന് മാമ്മോദീസാപ്പേര് വിളിക്കപ്പെട്ട റോസ്മേരി.

എന്നാൽ, തുർഗനീവിന്റെയും പുഷ്കിന്റെയും മോപ്പസാംഗിന്റെയും പുസ്തകങ്ങളുടെ മാസ്മരിക ലോകത്ത് കണ്ടുമുട്ടിയ എസ്മറാൾഡമാരും മാഷമാരും ഗ്രിഗറിയെപ്പോലുള്ള ധീരയോദ്ധാക്കളും റോസ്മേരിയെ പതുക്കെ പുറത്തേക്കു നയിച്ചു. വർണവസ്ത്രങ്ങളണിഞ്ഞ് വിരുന്നുകളിലും നൃത്തോത്സവങ്ങളിലും പങ്കെടുക്കുന്ന മിടിക്കുന്ന ഹൃദയത്തോടെ വള്ളിക്കുടിലുകളിൽ കാമുകരെ കാത്തിരിക്കുന്ന സുന്ദരാംഗിമാരുടെ ലോകവും മഞ്ഞു മീട്ടുന്ന വഴികളിലൂടെ അശ്വാരൂഢരായ ധീരയോദ്ധാക്കൾക്കൊപ്പം പലായനം ചെയ്യുന്ന കാമിനിമാരെയും കണ്ടു റോസ്മേരി.

സഞ്ചാരിയായിത്തീരുക എന്നതും പ്രധാന സ്വപ്നമായിരുന്നു. അപരിചിതവും വിദൂരസ്ഥവുമായ ഭൂവിഭാഗങ്ങളിലൂടെയെല്ലാം അവർ സഞ്ചരിച്ചുകൊണ്ടേയിരുന്നു. സ്വപ്നങ്ങളിങ്ങനെ മാറിമറിഞ്ഞ് പൊയ്ക്കൊണ്ടിരുന്നു. ഓരോ ദിവസവും ചായക്കൂട്ടുകൾ മാറിക്കൊണ്ടിരിക്കുന്ന അസ്തമയാകാശം പോലെ. ഹ്രസ്വായുസുകളെങ്കിലും ചേതോഹരമായ ജീവിതാഭിലാഷങ്ങൾ.

ഒരു സ്വപ്നവും അതുപോലെ സാക്ഷാത്കരിക്കപ്പെട്ടിട്ടില്ലെങ്കിലും വ്യസനഭാരങ്ങളില്ല റോസ്മേരിക്ക്. വീടുവിട്ട് അധികമൊന്നും സഞ്ചരിക്കാറില്ലെങ്കിലും നിരന്തരം യാത്രചെയ്തുകൊണ്ടേയിരിക്കുന്ന സുഹൃത്തുക്കൾ വിദൂരദിക്കുകളിലെ കൗതുകങ്ങൾ വർണിക്കുമ്പോൾ അവയുടെ ദർശനങ്ങളും സ്പർശനങ്ങളും ഉന്മാദങ്ങളും റോസ്മേരിയുടെ സിരകളുണർത്തുന്നു. ഓരോ നിമിഷവും പുതിയ പുതിയ സ്വപ്നങ്ങൾ... അവരുടെ കിനാക്കൾക്ക് നിറം മങ്ങുന്നില്ല.

പതഞ്ഞു കവിഞ്ഞ ദ്രാക്ഷാരസം നിറഞ്ഞ സ്ഫടിക ചഷകം പോലെയായിരുന്നു റോസ്മേരിക്ക് കവിതകൾ. ഒഴിയാതെ തുളുമ്പിനിന്നിരുന്നു അത്. ഇടിവെട്ടുമ്പോൾ കൂണുമുളയ്ക്കുംപോലെ ഓരോ ആഘാതത്തിലും ഓരോ കവിത വിരിഞ്ഞിരുന്നു. തീവ്ര നൊമ്പരത്തിൽനിന്നു പിറക്കുന്നവ. മനസിന്റെ മുറിവുകളിൽനിന്നു കിനിയുന്ന രുധിരമാണെന്റെ കവിത എന്ന് അവർ എഴുതിയിട്ടുണ്ട്.



പങ്കുവയ്ക്കപ്പെടാത്ത ഖേദങ്ങളിൽനിന്നും തലനീട്ടിയെത്തുന്ന ജീവിതംതന്നെ കവിത. ചാഞ്ഞു പെയ്യുന്ന മഴ, വേനലിൽ ഒരു പുഴ, വാക്കുകൾ ചേക്കേറുന്നിടം.. എന്നിങ്ങനെ കവിതാസമാഹാരങ്ങളും വൃശ്ചികക്കാറ്റു വീശുമ്പോൾ, ചെമ്പകം എന്നൊരു പാപ്പാത്തി തുടങ്ങി ഗതകാല സ്വപ്നവിഷാദങ്ങൾ ചേർത്തൊരുക്കിയ ലേഖന സമാഹാരവും അവർ ആസ്വാദകർക്കു നൽകി.

പാറത്തോട് എന്ന തന്റെ ഗ്രാമത്തെയും അവിടത്തെ കുന്നുകളെയും പുൽമേടുകളെയും കിഴക്കുദിക്കിന്റെ അന്നവും വെള്ളവുമായ പാൽമരങ്ങളെയും അവർ സ്നേഹിച്ചു. റബർമരക്കാടുകളിൽ ഋതുഭേദങ്ങളുണർത്തുന്ന വ്യതിയാനങ്ങളത്രയും കാവ്യാത്മകമായി പങ്കുവച്ച റോസ്മേരി കുന്നിൻമുകളിലെ കണ്ണാടിജാലകങ്ങളുള്ള അച്ചന്റെ തറവാടുവീടും അവിടെ പുലർന്നിരുന്ന താളമിയന്ന ജീവിതവും എന്നും ഹൃദയത്തിൽ ചേർത്തുവച്ചു. കോഴിക്കോടൻ സൗഹൃദ സദസുകൾ പോലെ കാഞ്ഞിരപ്പള്ളിക്കാരന്റെ പാട്ടും ലഹരിയും വറുത്തിറച്ചിയുടെ ആസ്വാദ്യതയും തരളചിത്തമായ അവരുടെ നിർമല സായന്തനങ്ങളും പരിചാരകരും അയൽക്കാരും എല്ലാം ചേർന്നൊരു സ്നേഹക്കൂട് ഉള്ളിൽ കുരുക്കിയിട്ടു നടന്നു റോസ്മേരി.

തിരുവനന്തപുരത്തിന്റെ നഗരവിശാലതയിൽ മുഴുകുമ്പോഴും ദൂരെനിൽക്കുന്നൊരു വിശുദ്ധ ചിത്രമായ് ആ ഗ്രാമ്യാനുഭൂതികൾ അവരെ മാടിവിളിച്ചു. തന്റെ ഗ്രാമവും ഏറെ മാറിപ്പോയെങ്കിലും...

എന്താണ് ഇപ്പോൾ ഒന്നും എഴുതാത്തത്?

പാറത്തോട്ടിലെ വീടിന്റെ അയൽപക്കത്തൊക്കെ പോകാൻ ഒരുപാട് ഒറ്റയടിപ്പാതകൾ ഉണ്ടായിരുന്നു. ഇന്ന് ആരും നടക്കാതെ അതൊക്കെ പുല്ലുമൂടിപ്പോയി. അമ്മച്ചി പറയും, ഇപ്പോൾ അതുവഴിയൊന്നും ആരും നടക്കാറില്ലെന്ന്. എല്ലായിടത്തും ഓട്ടോ ഒക്കെയില്ലേ. അതുപോലെ ഞാൻ എഴുതാതിരുന്ന് എഴുതാതിരുന്ന് കവിതയിലേക്കുള്ള ആ ഒറ്റയടിപ്പാതയത്രയും പുല്ലുമൂടിപ്പോയി. ചിലപ്പോൾ, ഇതിലേ പോയി ആ പാറയുടെ ഇടയിലൂടെ പോയി എന്നൊക്കെ അന്തംവിടുമെങ്കിലും എന്നാപ്പിനെ ഓട്ടോയിലങ്ങുപോയേക്കാം എന്നു ഞാനും വിചാരിക്കും. അങ്ങനെയൊക്കെയങ്ങ് ആയിപ്പോയി.

എന്തൊക്കെയുണ്ട് വിശേഷങ്ങൾ?

ചുമ്മാ പോകുന്നു. ചുമ്മാ അങ്ങനെ പോകുന്നു.

ഒരു കവിതയെഴുതിക്കൂടേ?

ഇല്ല. ആത്മാർഥതയില്ലാതെ കോമ്പസിഷൻ എഴുതുംപോലെ കവിതയെഴുതാനാവില്ല. ഒരു കുന്നിൻമുകളിൽ നിന്നെന്നപോലെ നോക്കുമ്പോൾ ജീവിതം അത്ര വലിയ രസമുള്ള കാര്യമെന്ന് തോന്നുന്നില്ല. ചിന്തിക്കാത്തവർക്ക് അത് ശുഭപര്യവസായിയായി തോന്നും. ഭാഗ്യജന്മങ്ങൾ.

അനുരഞ്ജനങ്ങൾ...?

അതേ പക്ഷേ, ഈ തലമുറയെ ഓർത്ത് ഞാൻ സന്തോഷിക്കുന്നു. ഒരു അനുരഞ്ജനത്തിനും അവർ തയാറല്ല. അവരുടെ സ്വപ്നങ്ങൾ എല്ലാം അവർ നടത്തുന്നു. എന്റേതുപോലുള്ളവരുടേത് വേറൊരു ലോകമായിരുന്നു. തോറ്റുപോയെന്നു തോന്നുന്നില്ല. സ്വാതന്ത്ര്യത്തിന്റെ സ്നേഹരഹിതമായ ലോകം എനിക്കു വേണ്ട. മേൽക്കൂരയില്ലാത്ത താമസം എനിക്കു പറ്റില്ല. വീടിനെ ആവുന്നത്ര മനോഹരവും വാസയോഗ്യവുമാക്കാൻ അതിർത്തി കാവൽക്കാരൻ ഉറങ്ങാതെ കാവലിരിക്കുംപോലെ ഞാനിരിക്കുന്നു.

ഇരുപതു വർഷം മുമ്പ് എഴുതി നിർത്തിയതാണ് റോസ്മേരി. ടാഗോർ തിയറ്ററിന്റെ ആരവങ്ങൾക്കിടയിൽ വയലാർ അവാർഡ് ഏറ്റുവാങ്ങിയ മാധവിക്കുട്ടി, രാജസദസിലെ നർത്തകിയാണ് താനെന്നും നൃത്തം ചെയ്ത് തളർന്ന താൻ തന്റെ ചിലങ്കകൾ റോസ്മേരിക്ക് എറിഞ്ഞുകൊടുക്കുന്നുവെന്നും പറഞ്ഞിരുന്നു. ചാഞ്ഞുപെയ്യുന്ന മഴ, ശ്.. ഒച്ചയുണ്ടാക്കരുത് എന്നീ കവിതകൾ വായിച്ചതിന്റെ അനുഭൂതിയിലാണ് മാധവിക്കുട്ടി തന്റെ ചിലങ്കകൾ റോസ്മേരിക്കു കൊടുത്തത്.

മധുചഷകം കൈയിൽനിന്നു വഴുതിവീഴുംവരെ കവിതകൊണ്ട് ആടുകയും പാടുകയും ചെയ്തിരുന്നു റോസ്മേരി അക്കാലത്ത്. സ്നേഹമായിരുന്നു ആ കവിത. തേൻപാളികൾ അടരുംപോലെ വായനക്കാരിലേക്കത് കിനിഞ്ഞിറങ്ങി. ആസ്വാദകനു വേണ്ടിയാണ് തന്റെ എഴുത്ത് എന്ന് അവർ പറയുന്നു. കാണികളില്ലാത്തിടത്ത് നർത്തകിയുടെ നൃത്തത്തിന് എന്തു പ്രസക്തി.

ഇടയ്ക്കിടെ ചില ചടങ്ങുകൾക്കൊക്കെ റോസ്മേരിയെത്തുമ്പോൾ ആളുകൾ ആഹ്ലാദത്തോടെ അവരെക്കുറിച്ച് തിരക്കുന്നു. എന്തേ ഇപ്പോൾ എഴുതാത്തത് എന്ന് അന്വേഷിക്കുന്നു.

സാഹിത്യസ്നേഹികൾ റോസ്മേരിയെ മറക്കുന്നില്ലെന്നർഥം. ഇനിയും അവർ എഴുതുമായിരിക്കും. കരിയിലകൾ മൂടിക്കിടക്കുന്ന ജ്വാലകളുണർത്താൻ ശക്തിയുള്ളൊരു കാറ്റ് ഏതു ദിക്കിൽനിന്നാവും വീശുക?

തിരുവനന്തപുരത്ത് ചലച്ചിത്രമേളകൾ നടക്കുമ്പോൾ എല്ലാ ദിവസവും റോസ്മേരി അവിടെയെത്തും. പുറംനാട്ടിലെ സിനിമകൾ കാണുമ്പോൾ പോകാൻ പറ്റാത്ത ആ ദേശങ്ങളിലൊക്കെ താൻ സഞ്ചരിക്കുന്നതുപോലെയാണെന്ന് അവർ പറയുന്ന.ു

കെ.പി. അപ്പൻ പറഞ്ഞിട്ടുള്ളതുപോലെ, റോസ്മേരിയുടേത് മനുഷ്യനെ തൊടുന്ന കവിതയാണ്. സകലതിന്റെയും അസ്തിത്വം അംഗീകരിച്ചുകൊണ്ടാണ് ആ കവിത നീങ്ങുന്നത്. റബർമരക്കാടുകളും കുന്നിൻപുറവും മലഞ്ചെരിവുകളും പുഴകളും ആട്ടിൻപറ്റങ്ങളും വണ്ണാത്തിക്കിളികളും തുടങ്ങി കുംഭവെയിലും മൺകുടിലും ദേവാലയവും വസ്തുപ്രപഞ്ചത്തിന്റെ പ്രച്ഛന്നതയില്ലാത്ത ലോകത്തെ കാണിച്ചുതരുന്നു. ഇല്ലിമരച്ചില്ലകളും ഇളമഞ്ഞക്കൂമ്പുകളും ഉണ്ടക്കണ്ണൻ പച്ചിലപ്പാമ്പുകളും ഇടിയിലൂടെ എത്തിനോക്കിപ്പറയുന്നു... റോസമാറിയ.. ഞങ്ങൾ ഒച്ചയുണ്ടാക്കില്ല. നീ നിന്റെ ജീവിതത്തെ സ്നേഹിക്കൂ.... ഞങ്ങളെക്കുറിച്ചൊക്കെ നാലഞ്ചു നല്ല വരികളെങ്കിലും എഴുതൂ.

# എന്നോടെന്തെങ്കിലും പറയൂ.., ഞാൻ ഈണമിടട്ടെ...




ഹരിപ്രസാദ്

പത്രക്കാരോട് അധികം സംസാരിക്കാത്തയാളായിരുന്നു വിഖ്യാത ഗായകനായ കിഷോർ കുമാർ. ആരെയും പരിധിവിട്ട് അടുപ്പിക്കാത്ത അദ്ദേഹത്തിന്റെ അല്പം വിചിത്രമായ പെരുമാറ്റങ്ങളുടെ ഭാഗമായിരുന്നു അതും. വിചിത്രം എന്ന വാക്കിന് അദ്ദേഹത്തിന്റെ ജീവിതത്തോട് അത്രമാത്രം അടുപ്പമുണ്ടായിരുന്നു. അവസാനകാലത്ത് പ്രിതീഷ് നന്ദിക്കു നൽകിയ അഭിമുഖത്തിൽ കിഷോർദാ തന്റെ പ്രിയപ്പെട്ട പത്തു പാട്ടുകൾ എണ്ണമിട്ടു പറഞ്ഞു. അതിലൊന്നാണ് *ഖാമോഷി* എന്ന ചിത്രത്തിലെ *വോ ശാം കുഛ് അജീബ് ഥീ..* ആ സായാഹ്നം അല്പം വിചിത്രമായിരുന്നു എന്നാണ് ആ വരിയുടെ ഏകദേശ മലയാളം!.

ഏറെക്കുറെ വിചിത്രമായാണ് ആ പാട്ടുണ്ടായതും. സംഗീതസംവിധായകൻ ഹേമന്ത് കുമാറിനൊപ്പം ആ പാട്ടിനുവേണ്ടി ഇരുന്ന വേളയെക്കുറിച്ച് ഗാനരചയിതാവ് ഗുൽസാർ ഇങ്ങനെ ഓർമിച്ചിട്ടുണ്ട്: ഈണങ്ങളുടെ പണിപ്പുരയായ കൊച്ചുമുറിയിൽ നീളമുള്ള കാലുകൾ നീട്ടി, ഒരു കൈ ഹാർമോണിയത്തിൽവച്ച് ഇരിക്കുകയാണ് ഹേമന്ത് കുമാർ. ഏതാനും മണിക്കൂറുകളായി ആ ഇരിപ്പു തുടങ്ങിയിട്ട്. ഇടയ്ക്കിടെ രാജകീയമായി ഒരു നുള്ളു മൂക്കുപൊടി വലിക്കും. വിരലുകളുടെ അറ്റം ധോത്തിയിൽ തുടയ്ക്കും. അദ്ദേഹത്തിന്റെ ഹൃദയത്തിലേക്ക് ഈണങ്ങളൊന്നും വരുന്നില്ലായിരുന്നു. ഒടുവിൽ അദ്ദേഹം പറഞ്ഞു- "എനിക്കു വരികൾ തരൂ.., ഒന്നും (സംഗീതം) ഉണ്ടാക്കാൻ പറ്റുന്നില്ല".

കഥാസന്ദർഭം തിരക്കഥാകൃത്തുകൂടിയായ ഗുൽസാറിന് നന്നായി അറിയാം., കഥാപാത്രത്തിന്റെ ചിന്തകളും. ഗുൽസാർ വരികൾ പറഞ്ഞു- *വോ ശാം കുഛ് അജീബ് ഥീ, യേ ശാം ഭീ അജീബ് ഹേ...* നായകൻ തന്റെ നഷ്ടപ്രണയം ഓർക്കുകയാണ്. ഹേമന്ത് ദാ വരികൾ ഒരു കടലാസിൽ കുറിച്ചെടുത്തു. അങ്ങനെ ഹിന്ദിയിലെ എണ്ണംപറഞ്ഞ ഒരു റൊമാന്റിക് ഗാനത്തിന്റെ പിറവിയായി.

വരികൾക്കനുസരിച്ച് പല്ലവിക്കിട്ട ഈണത്തിന്റെ തുടർച്ചയായി അനുപല്ലവിയും പിറന്നു. ഈണത്തിനനുസരിച്ചാണ് അനുപല്ലവിയുടെ വരികൾ എഴുതിയതെന്നും ഗുൽസാർ ഓർക്കുന്നു.


യമൻ രാഗത്തിൽ അധിഷ്ഠിതമായാണ് ഹേമന്ത് കുമാർ ഈ മനോഹരഗാനം ഒരുക്കിയത്. അനിൽ ബിശ്വാസ് മുതൽ എ.ആർ. റഹ്മാൻ വരെയുള്ള ഒട്ടുമിക്ക സംഗീതസംവിധായകർക്കും പ്രിയങ്കരമായ രാഗമാണ് യമൻ. പഹാഡി, ഭൈരവി എന്നിവയ്ക്കൊപ്പം ഹിന്ദിയിൽ ഏറ്റവുംകൂടുതൽ ഉപയോഗിച്ചിട്ടുള്ള രാഗവും യമൻ ആണ്.

എങ്ങനെയാണ് കിഷോർ കുമാർ ഈ ഗാനം പാടാനെത്തിയത്? കിഷോർ നടനാണോ ഗായകനാണോ എന്നതിനെക്കുറിച്ച് അന്നത്തെ സംഗീത സംവിധായകർക്ക് വലിയ ഉറപ്പൊന്നുമുണ്ടായിരുന്നില്ല. അടിപൊളി പാട്ടുകളും ലൈറ്റ് നമ്പറുകളും മാത്രം വഴങ്ങുന്ന ഒരു സാധാരണ ഗായകൻ എന്ന കാഴ്ചപ്പാടേ അന്ന് കിഷോർ കുമാറിനെക്കുറിച്ച് ഉള്ളൂ. എന്നാൽ അഭിനയംകുറച്ച് പാട്ടിൽ കൂടുതൽ ശ്രദ്ധവയ്ക്കാൻ കിഷോർ ആഗ്രഹിച്ചിരുന്നു. ഹേമന്ത് കുമാർ ദീർഘദൃഷ്ടിയോടെ ഈ ഗാനം കിഷോർ കുമാറിനു നൽകി. അസാമാന്യ മികവോടെ അദ്ദേഹമതിനു ജീവൻ നൽകുകയും ചെയ്തു. ചിത്രത്തിന്റെ സംവിധായകനായ അസിത് സെന്നും ഹേമന്ത് കുമാറും ചേർന്നാണ് ആ തീരുമാനമെടുത്തതെന്ന് ഗുൽസാർ പറഞ്ഞിട്ടുണ്ട്.

സംഗീതസംവിധായകനും ഗായകനും നിർമാതാവുമായിരുന്ന ഹേമന്ത് കുമാറിന്റെ ഏറ്റവും മികച്ച സൃഷ്ടികളിലൊന്നാണ് 1969ൽ പുറത്തിറങ്ങിയ രാജേഷ് ഖന്ന- വഹീദാ റഹ്മാൻ ചിത്രമായ ഖാമോഷി. പത്നി ബേല, ദേവി ചക്രവർത്തി, ഹിന്ദിയിലെ സുഷിരവാദ്യ വിദഗ്ധനായ മനോഹരി സിംഗ് എന്നിവരായിരുന്നു ഹേമന്ത് ദായുടെ സഹായികൾ. അദ്ദേഹംതന്നെ പാടിയ *തും പുകാർ ലോ..,* ലതാ മങ്കേഷ്കർ ശബ്ദം നൽകിയ *ഹംനേ ദേഖീ ഹേ..* തുടങ്ങിയ പാട്ടുകൾ ഇന്നും സംഗീതപ്രേമികളുടെ ഹൃദയങ്ങളിലുണ്ട്. പണ്ഡിറ്റ് ഹരിപ്രസാദ് ചൗരസ്യയെപ്പോലുള്ള പ്രതിഭകളും ചിത്രത്തിനു വേണ്ടി സഹകരിച്ചു.

*ഇന്നത്തെപ്പോലെ ആ സായാഹ്നവും ഒട്ടു വിചിത്രമായിരുന്നു.. അവൾ ഇന്നലെ എന്റെ തൊട്ടടുത്തുണ്ടായിരുന്നു.. ഇന്നും അവൾ മനസോടു ചേർന്നുണ്ട്...*

*വോ ശാം കുഛ് അജീബ് ഥീ...*- കിഷോർ കുമാർ പാടുന്നത് നിങ്ങൾക്കുവേണ്ടിയാണ്.



*ഗുൽസാർ*



*ഹേമന്ത് കുമാർ*



*കിഷോർ കുമാർ*

Reg. No. KL/KTM/029/2015-2017
RNI No.3078/57
സൺഡേ ദീപിക

# പത്ത് സെന്റിനെച്ചൊല്ലി


39
ഫാമിലിവിഷൻ

സിറിയക് കോട്ടയിൽ



ഉതുപ്പുസാറിന്റെ മക്കൾ മൂന്നുപേരും വിദേശത്താണ്. സാറും ഭാര്യ മോനമ്മ ടീച്ചറും ഹൈസ്കൂൾ അധ്യാപകരായി റിട്ടയർ ചെയ്തവരാണ്. ഉതുപ്പുസാർ മുപ്പത്തിരണ്ടു വർഷത്തെ സേവനത്തിനുള്ളിൽ മൂന്നു വർഷം ഹെഡ്മാസ്റ്ററായും ജോലി ചെയ്തു. സാറിന് ഭൂസ്വത്തായി ഏഴര ഏക്കർ സ്ഥലമുണ്ടെങ്കിലും കാര്യമായ കൃഷിയൊന്നും ഇപ്പോൾ അവിടെ ചെയ്യുന്നില്ല. കൃഷിയിൽ താൽപര്യമുള്ള ആളാണെങ്കിലും സാറിന്റെ അനാരോഗ്യം ഇപ്പോൾ അതിനനുവദിക്കുന്നില്ല എന്നതാണ് സത്യം. മോനമ്മ ടീച്ചർ രണ്ട് ഓപ്പറേഷനു വിധേയയായ ആളാണ്. മാസംതോറുമുള്ള മെഡിക്കൽ ചെക്കപ്പിന് ഇരുവരും മുടക്കം കൂടാതെ ഇപ്പോൾ പോകുന്നത് അയൽപക്കത്തുള്ള ഷെറീഫിന്റെയും ഭാര്യ റംലയുടെയും സഹായം കൊണ്ടാണ്. സാറിനെയും ടീച്ചറിനെയും ചെക്കപ്പിനു കൊണ്ടുപോകേണ്ട ഡെയ്റ്റും മറ്റും ഷെറീഫും റംലയും ഒരിക്കലും മറന്നുപോകാറില്ല. അക്കാര്യത്തിൽ മാത്രമല്ല, ആ വീടിന്റെയും അവരിരുവരുടെയും ഇതര കാര്യങ്ങൾ നോക്കി നടത്തുന്നതിലും അവർ ഒരു വീഴ്ചയും വരുത്താറില്ല. ഷെറീഫും റംലയും ഉതുപ്പുസാറിനും ടീച്ചറിനും ദത്തുമക്കളെപ്പോലെയാണ്. അവരിരുവരുടെയും മക്കളോട് കൊച്ചുമക്കളോടെന്നോണമാണ് സാറും ടീച്ചറും പെരുമാറുന്നതും. ഉതുപ്പുസാറിന്റെ മൂന്നു മക്കളിൽ മൂത്തതു രണ്ടും പെൺമക്കളാണ്. വിവാഹിതരായ അവരിരുവരും കുടുംബസമേതം യു.കെയിലാണ്. ഇളയവൻ റോണിക്ക് വയസ് മുപ്പത്തിയഞ്ച് ആയെങ്കിലും അവിവാഹിതനാണ്. അയാൾ അമേരിക്കയിലായിട്ട് ഏഴു വർഷമായി. ഒറ്റയാനായി അമേരിക്കയിൽ കഴിയുന്ന റോണിക്കു നാട്ടിൽ വന്ന് താമസിക്കുന്നതിലൊന്നും വലിയ താൽപര്യമില്ല. പപ്പയും മമ്മിയും അമേരിക്കയിലേക്കു വന്നാൽ അവിടെ അവർക്കു വേണ്ടുന്ന സൗകര്യങ്ങളൊക്കെ ഒരുക്കിക്കൊടുക്കാൻ താൻ തയാറാണെന്നാണ് അയാൾ പറയുന്നത്. ഈ വയസാംകാലത്ത് തങ്ങൾക്കതിനൊന്നുമിനി പറ്റുകയില്ല എന്ന തീരുമാനത്തിൽതന്നെയാണു സാറും ടീച്ചറും.

മക്കളോടാലോചിച്ചെങ്കിലും അവർക്ക് തെല്ലും സമ്മതമില്ലാതിരുന്ന ഒരു തീരുമാനം അവരിരുവരും ചേർന്ന് എടുത്തതിന്റെ പേരിൽ ഇരുവരോടും മക്കൾക്ക് മൂവർക്കും മരുമക്കൾക്കും ഇപ്പോൾ അത്ര ചെറുതല്ലാത്ത പിണക്കമുണ്ട്. ആ ഒരു തീരുമാനത്തോടനുബന്ധിച്ച് രണ്ടുപേരുടെയും അടക്കിനുപോലും തന്നെ പ്രതീക്ഷിക്കേണ്ടെന്ന് റോണി പറഞ്ഞത് പ്രായാധിക്യത്തിലെത്തിയ ആ അധ്യാപക ദമ്പതികളെ തെല്ലൊന്നുമല്ല മാനസികമായി തളർത്തിയത്. മക്കളുടെയും മരുമക്കളുടെയും മുഷിപ്പിന് ഇടയാക്കിയ തീരുമാനം എന്താണെന്ന് നിങ്ങൾക്ക് അറിയേണ്ടേ? ഷെരീഫ് ഓട്ടോറിക്ഷ ത്തൊഴിലാളിയാണ്. അയാൾ ഒരാളുടെ വരുമാനംകൊണ്ടാണ് നാലുപേരടങ്ങുന്ന ആ കുടുംബം ഓരോ ദിവസവും തള്ളിനീക്കുന്നത്. വാടകവീടുകളിൽ മാറിമാറി താമസിക്കുന്ന ഷെറീഫിന് ഒരുതുണ്ടു ഭൂമിയോ ഒരു വീടോ സ്വന്തമായില്ല. യാതൊരു പ്രതിഫലവും പ്രതീക്ഷിക്കാതെ മക്കളെക്കാൾ നന്നായി തങ്ങളെ നോക്കുന്ന ഷെറീഫിനും കുടുംബത്തിനും വീടുവയ്ക്കാൻ ഏഴര ഏക്കറിൽനിന്ന് പത്തുസെന്റ് സ്ഥലം നൽകുന്നതിന് ഉതുപ്പുസാറും മോനമ്മ ടീച്ചറും മക്കളുടെയും മരുമക്കളുടെയും എതിർപ്പിനെ മറികടന്ന് തീരുമാനിക്കുകയായിരുന്നു. സാറിനും ടീച്ചർക്കും വിഷമമുണ്ടാകുന്ന യാതൊരു തീരുമാനവും തങ്ങൾക്കുവേണ്ടി എടുക്കാൻ പാടില്ലെന്ന അവരിരുവരുടെയും അഭിപ്രായത്തെ പരിഗണിക്കാതെയാണ് ഇതു ദൈവം ആഗ്രഹിക്കുന്നതാണെന്നു പറഞ്ഞ് സാറും ടീച്ചറുംകൂടി അത്തരമൊരു തീരുമാനം കൈക്കൊണ്ടത്.

ഉതുപ്പുസാറിന്റെയും മോനമ്മ ടീച്ചറിന്റെയും തീരുമാനത്തെപ്പറ്റി നിങ്ങളുടെ അഭിപ്രായമെന്താണ്? നിങ്ങളുടെ അഭിപ്രായം എന്തായാലും അവരിരുവരും പറയുംപോലെ ഇതു ദൈവഹിതമാണ്. ഉള്ളവന് ഇല്ലാത്തവനുമായി തന്റെ സമ്പത്ത് പങ്കുവയ്ക്കാൻ കഴിയണമെന്നുള്ളത് ദൈവിക നിയമം എന്നതുപോലെതന്നെ മനുഷ്യത്വപരമായ ഒരു പ്രവൃത്തികൂടിയാണ്. ഏഴരയേക്കർ ഭൂസ്വത്തുള്ളവന് ഇല്ലാത്തവന് പത്തു സെന്റ് നൽകാൻ കഴിഞ്ഞതു വീരോചിതമായ പ്രവൃത്തിയെന്നൊന്നും പറയാനാവില്ലെങ്കിലും അതു മനുഷ്യത്വപരമായ ഒരു ചെയ്തിതന്നെയാണ്. മക്കളെ വളർത്താനായി തങ്ങളുടെ ജീവിതം മുഴുവൻ അവർക്കായി ഉഴിഞ്ഞുവെച്ച ആ വൃദ്ധദമ്പതികളുടെ അടിസ്ഥാന ജീവിതാവശ്യങ്ങൾപോലും നിറവേറ്റാൻ മക്കൾക്കാവി ല്ലെങ്കിൽ അവരുടെ പേരിലുള്ള ഭൂസ്വത്തിനുമേൽ അവകാശം പറയാൻ ധാർമികമായി എന്തവകാശമാണവർക്കുള്ളത്. ഉള്ളതു മുഴുവൻ അവർ ദാനം നൽകിയില്ലല്ലോ, പത്തു സെന്റല്ലേ നൽകിയുള്ളൂ. ഇവിടെ ആരാണ് ആ വൃദ്ധ ദമ്പതികളിൽനിന്നു ദാനമായി സ്വീകരിക്കുന്നത് എന്നൊരു ചോദ്യമുയരുന്നുണ്ട്. പ്രതിഫലേച്ഛ കൂടാതെ മാതാപിതാക്കൾക്ക് തുല്യം സാറിനെയും ടീച്ചറിനെയും കരുതുന്ന ഷെരീഫും കുടുംബവുമോ, അതോ പിടിവാശിമൂലം മാതാപിതാക്കളുടെ അടക്കിനുപോലും എത്തില്ല എന്നു ബലംപിടിച്ചു നിൽക്കുന്ന മക്കളോ?

നൽകുന്നതുവഴി നേടുകയാണ് ചെയ്യുന്നതെന്നത് ദൈവവാക്യം മാത്രമല്ല, അനേകരുടെ ജീവിതാനുഭവവുമാണ്. ഒരുവൻ രക്തം നൽകുന്നതുപോലെയാണത്. അത്യാവശ്യക്കാരനായ ഒരു രോഗിക്ക് രക്തം നൽകുമ്പോൾ നൽകുന്നയാളിന് എന്ത് നഷ്ടമാണുണ്ടാകുന്നത്. നഷ്ടമല്ലല്ലോ യഥാർഥത്തിൽ അവിടെ ഉണ്ടാകുന്നതു നേട്ടമല്ലേ? സാധാരണചിന്തയിലും ഭാഷയിലും പറഞ്ഞാൽ പഴയ രക്തം ദാനം ചെയ്യുമ്പോൾ പുതിയ രക്തം ദാതാവിനു ലഭിക്കുകയല്ലേ?

ദൈവം നൽകിയ അനുഗ്രഹങ്ങളുടെ പഴയ പട്ടികയിൽനിന്ന് നാം ദാനം ചെയ്യുമ്പോൾ നമുക്കും വരുംതലമുറകൾക്കും ഇന്നും നാളെയും ജീവിക്കാൻ വേണ്ട പുതിയ അനുഗ്രഹങ്ങൾ അവിടുന്നു നൽകും. ഭൂമി ഇല്ലാത്തവർക്ക് ഭൂമി നൽകുക വഴി, ഭവനം ഇല്ലാത്തവർക്ക് ഭവനം നൽകുക വഴി നാം ചെയ്യുന്നത് അതുതന്നെയാണ്.

## ചലച്ചിത്രം



താങ്ക്യൂ വെരിമച്ച് എന്ന ചിത്രത്തിൽ നിന്ന്

## താങ്ക്യൂ വെരിമച്ച്

കൗമാരമനസുകളുടെ സങ്കീർണതകൾ വിഷയമാക്കി അവതരിപ്പിക്കുന്ന ചിത്രമാണ് "താങ്ക്യൂ വെരിമച്ച്".

പ്ലസ് ടു വിദ്യാർഥിയായ അച്യുത് ശങ്കറിലൂടെയാണ് ചിത്രം മുന്നോട്ടുപോകുന്നത്. ചോക്‌ലേറ്റ് ഫിലിംസിന്റെ ബാനറിൽ സജിൻലാൽ സംവിധാനം ചെയ്യുന്നു. രചന-ആർ.അജിത്ത് (മംഗളം സിഇഒ), കാമറ-ശശി രാമകൃഷ്ണ, രാജീവ് വിജയ്, പി.ആർ.ഒ-അജയ് തുണ്ടത്തിൽ.

അരുൺ സിദ്ധാർഥൻ, ലെന, ബാബു നമ്പൂതിരി, മുകുന്ദൻ, കലാശാല ബാബു, ഗൗരികൃഷ്ണ, കല്യാണി, അശ്വിൻ.ആർ.അജിത്ത് എന്നിവരഭിനയിക്കുന്നു. തിരുവനന്തപുരം, ഊട്ടി, ദില്ലി എന്നിവിടങ്ങളാണ് ലൊക്കേഷൻ.ചിത്രീകരണം പൂർത്തിയായ 'താങ്ക്യൂ വെരിമച്ച്' ഉടൻ പ്രദർശനത്തിനെത്തുന്നു.



നിശ്ചലകൃഷ്ണനും അഭിനയയും

## അടിടാ മേളം

അൻപു സ്റ്റാലിൻ സംവിധാനം ചെയ്ത അടിടാ മേളം എന്ന തമിഴ്ചിത്രം പ്രേക്ഷകപ്രീതി നേടുന്നു. നിശ്ചലകൃഷ്ണനും അഭിനയയും ആണ് പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. ജയപ്രകാശ്, മയിൽസാമി എന്നിവർക്കൊപ്പം മലയാളിതാരം ഉർവശിയും ചിത്രത്തിൽ പ്രധാന വേഷത്തിലെത്തുന്നു. നായകകഥാപാത്രത്തെ അവതരിപ്പിച്ചിരിക്കുന്ന നിശ്ചൽ അസോസിയേറ്റ് ഛായാഗ്രഹകനും സംവിധായകനും കൂടിയാണ്.

## നയൻതാര വീണ്ടും ഹൊറർ ചിത്രത്തിൽ

മായ എന്ന ഹൊറർ ചിത്രത്തിന്റെ വിജയത്തിനു ശേഷം നയൻതാര വീണ്ടും ഹൊറർ ചിത്രത്തിൽ നായികയായി എത്തുന്നുവെന്നു റിപ്പോർട്ടുകൾ. ദോസ് രാമസ്വാമി സംവിധാനം ചെയ്യുന്ന പുതിയ ഹൊറർ ചിത്രത്തിലാണ് നയൻതാര വീണ്ടും നായികയായി എത്തുന്നത്. ഒരു കാറിനെ കേന്ദ്രീകരിച്ചുള്ളതാണ് ചിത്രം. 1997ൽ രാജസേനൻ സംവിധാനം ചെയ്ത ദി കാർ എന്ന ചിത്രവുമായി നയൻതാരയുടെ പുതിയ ചിത്രത്തിനു ബന്ധമുണ്ടെന്നും കേൾക്കുന്നു.

## ഇടവപ്പാതി

യോദ്ധായിലൂടെ ഉണ്ണിക്കുട്ടനായി എത്തി മലയാളികളുടെ മനം കവർന്ന സിദ്ധാർഥ് ലാമ നായകനാകുന്ന ഇടവപ്പാതി ലെനിൻ രാജേന്ദ്രൻ സംവിധാനം ചെയ്യുന്നു. മനീഷ കൊയ്‌രാള, ഉത്തര ഉണ്ണി എന്നിവർ പ്രധാനകഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു. മെർക്കാറ, മൂന്നാർ, ചിത്രദുർഗ, കാഠ്മണ്ടു എന്നിവിടങ്ങളിലായാണ് ചിത്രീകരണം പൂർത്തിയാക്കിയത്. സംവിധാനത്തോടൊപ്പം ചിത്രത്തിന്റെ നിർമാണവും കഥ-തിരക്കഥ രചനയും നിർവഹിച്ചിരിക്കുന്നത് ലെനിൻ രാജേന്ദ്രനാണ്.

ചിത്രം ഉടൻ തന്നെ തിയറ്ററുകളിലെത്തും.



സിദ്ധാർഥ് ലാമയും ഉത്തര ഉണ്ണിയും

# ജയ ജയ... ജയസൂര്യ



പ്രദീപ് ഗോപി

ദേശീയ ചലച്ചിത്ര അവാർഡിൽ പ്രത്യേക ജൂറി പരാമർശം ലഭിച്ചതിന്റെ സന്തോഷത്തിലാണ് നടൻ ജയസൂര്യ. സംസ്ഥാന പുരസ്കാരം നിർണയിച്ചപ്പോൾ മികച്ച നടനാകുമെന്നു പ്രതീക്ഷിച്ചു. പക്ഷെ പ്രത്യേക ജൂറി പരാമർശം കൊണ്ട് തൃപ്തിപ്പെടേണ്ടി വന്നു! സംസ്ഥാന പുരസ്കാരത്തിൽ കിട്ടിയ ജൂറി പരാമർശം പോലെ അല്ലല്ലോ ദേശീയ പുരസ്കാരത്തിലെത്തുമ്പോൾ. ദേശീയ പുരസ്കാരത്തിലെ മലയാളത്തിളക്കമായിരിക്കുന്നു ജയസൂര്യ. സംസ്ഥാനപുരസ്കാരം ലഭിക്കാതെ പോയപ്പോൾ ആശ്വസിപ്പിച്ച അതേ സോഷ്യൽ മീഡിയ ജയസൂര്യയെ അഭിനന്ദനങ്ങൾ കൊണ്ടു പൊതിയുകയാണിപ്പോൾ. "മോനേ ജയാ, നിനക്കുള്ളതു നിന്നെ തേടിവരും... ആരു തടഞ്ഞാലും. മലയാളിപ്രേക്ഷകർക്ക് ഇത് അഭിമാനനിമിഷം. ഈ എനിക്കും"- എന്നു പറഞ്ഞുകൊണ്ടാണ് സുരാജ് വെഞ്ഞാറമൂട് ഫേസ്ബുക്കിലൂടെ ജയസൂര്യയെ അഭിനന്ദനമറിയിച്ചിരിക്കുന്നത്. ശ്രീലങ്കൻ ക്യാപ്റ്റൻ സനത് ജയസൂര്യയുടെ പേരിനോടു സാമ്യപ്പെടുത്തി ഭരത് ജയസൂര്യയെന്നാണ് സോഷ്യൽ മീഡിയ താരത്തെ ഇപ്പോൾ വിശേഷിപ്പിക്കുന്നത്.

സു സു സുധി വാത്മീകം, ലുക്കാ ചുപ്പി എന്നീ ചിത്രങ്ങളിലെ അഭിനയം തന്നെയാണ് ജയസൂര്യയെ ദേശീയ അവാർഡിനും അർഹനാക്കിയത്. ഒരുപാടു സന്തോഷം, തെറ്റുകൾ തിരിച്ചറിഞ്ഞ് ഇനിയും മുന്നോട്ടുപോകാനുള്ള പ്രചോദനം കൂടിയാണ് ഈ ദേശീയ അവാർഡെന്നായിരുന്നു ജയസൂര്യയുടെ ആദ്യപ്രതികരണം. സു സു സുധി വാത്മീകം, ലുക്കാ ചുപ്പി എന്നീ ചിത്രങ്ങൾക്കു പുറമേ കുമ്പസാരം, അമർ അക്ബർ ആന്റണി, ജിലേബി, ഇയോബിന്റെ പുസ്തകം, അപ്പോത്തിക്കിരി തുടങ്ങിയ ചില ചിത്രങ്ങളിലൂടെ മികച്ച കഥാപാത്രങ്ങളും തനിക്ക് അടുത്തയിടെ ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. സു സു സുധി വാത്മീകം എന്ന ചിത്രം ഒരു സംഭവകഥയായിരുന്നു. അതുകൊണ്ടു തന്നെയാണ് ചിത്രത്തിൽ താൻ അവതരിപ്പിച്ച സുധി എന്ന കഥാപാത്രത്തെ അമാനുഷിക ശക്തിയില്ലാത്ത ആളായിട്ട് തോന്നിയതും പ്രേക്ഷകർക്ക് സ്നേഹിക്കാൻ കഴിഞ്ഞതും. ലുക്കാ ചുപ്പി എന്ന ചിത്രം തന്നെ സംബന്ധിച്ച് ചലഞ്ചിങ്ങായ ഒരു കഥാപാത്രമായിരുന്നുവെന്നും ജയസൂര്യ പറഞ്ഞു. ദേശീയ അവാർഡ് തിളക്കത്തിൽ ജയസൂര്യ സൺഡേ ദീപികയുമായി സംസാരിക്കുന്നു.

### അമിതാഭ് ബച്ചനൊപ്പം ജയസൂര്യ

അമിതാഭ് ബച്ചൻ താരമായി വിലസുന്ന കാലത്ത് ഞാൻ ജനിച്ചിട്ടേയുള്ളു. അവാർഡ് പ്രഖ്യാപനത്തിനു ശേഷം സിപ്പിസാർ പറഞ്ഞിരുന്നു, അമിതാഭ് ബച്ചനുമായാണു മത്സരിച്ചത്, ഗംഭീരപ്രകടനമാണ് കാഴ്ചവച്ചതെന്നുമൊക്കെ. ഇങ്ങനെയൊക്കെ പറഞ്ഞുകേട്ടപ്പോൾ വലിയ സന്തോഷമാണ് തോന്നിയത്. കാരണം വിവിധ ഭാഷകളിൽ നിന്നായി 350ലധികം സിനിമകളാണ് മത്സരത്തിനായി എത്തിയത്. വളരെ പ്രഗല്ഭരായവരുടെ ചിത്രങ്ങൾ. അവിടെ, ദേശീയതലത്തിൽ നമുക്കൊരു സ്ഥാനം കിട്ടുക എന്നുപറഞ്ഞാൽ വലിയൊരു കാര്യമാണ്. സുധി വാത്മീകം എന്ന ഒരു സാധാരണ സിനിമ, ഒരു റിയലിസ്റ്റിക് സിനിമ അവരുടെ മുന്നിലെത്തുകയും അവരുടെ കണ്ണു നിറയ്ക്കുകയും അവരുടെ ഹൃദയത്തിൽ തട്ടുകയും ചെയ്തു എന്നു പറയുന്നതു വലിയൊരു അനുഗ്രഹമാണ്. ഇതിൽനിന്നു നമ്മൾ മനസിലാക്കേണ്ട കാര്യം ഇനിയും ദേശീയതലത്തിൽ മലയാളസിനിമകൾ എത്തിക്കാൻ പറ്റുന്ന കഴിവുള്ള എഴുത്തുകാരും സംവിധായകരും നടന്മാരും ഇവിടെ ഉണ്ട് എന്നുള്ളതാണ്.

### അവസാനറൗണ്ടിൽ ബച്ചനൊപ്പം ജയസൂര്യയും മമ്മൂട്ടിയും

മമ്മൂക്കയും ഞാൻ ജനിക്കുമ്പോൾ തന്നെ താരമായി വിലസുന്ന ആളാണ്. ഞാൻ കണ്ടു ശീലിച്ച മുഖങ്ങളാണ് മമ്മൂക്കയുടെയും ലാലേട്ടന്റെയുമൊക്കെ. എന്തുകൊണ്ടാണു മമ്മൂക്കയും ലാലേട്ടനും ഇന്നും നമ്മുടെയൊക്കെ മനസിൽ മായാതെ നിൽക്കുന്നത്? എനിക്കു തോന്നുന്നത് സ്വന്തം അച്ഛന്റെയും അമ്മയുടെയും കാമുകന്റെയും കാമുകിയുടെയും മുഖത്തേക്കു നോക്കിയിട്ടുള്ളതിനെക്കാൾ അധികം മണിക്കൂറുകൾ നമ്മൾ ഇവരുടെ രണ്ടുപേരുടെയും മുഖത്തേക്കു നോക്കിയിരുന്നിട്ടുണ്ട്. ആ വ്യക്തികളുടെ കൂടെ മത്സരിക്കാനല്ല, അവരുടെ ഒപ്പം എന്റെ പേരും ചേർക്കപ്പെട്ടല്ലോ എന്നതാണ് എന്റെ സന്തോഷം.

ദേശീയ അവാർഡൊന്നും ഞാൻ ചിന്തിച്ചിട്ടുകൂടെയില്ല. തമാശയ്ക്കു പറഞ്ഞിട്ടുണ്ട്, സംസ്ഥാനം പോയി, ഇനി ദേശീയം പിടിക്കാം എന്നൊക്കെ. ദേശീയ അവാർഡൊക്കെ നമുക്കു ചിന്തിക്കാൻ പോലും പറ്റാത്ത ലെവലിലാണ്.

### ഓസ്കറിനു തുല്യം

ഇന്ത്യയിലെ ഏറ്റവും വലിയ അവാർഡാണ് ദേശീയ അവാർഡ്. അതുകൊണ്ട് എന്നെ സംബന്ധിച്ചിടത്തോളം ഈ അവാർഡ് ഓസ്കർ അവാർഡിനു തുല്യമാണ്, ആദ്യത്തെ ഓസ്കർ.

### അമിത ആഹ്ലാദമില്ല

അമിതാഹ്ലാദമില്ല എന്നു പറയാൻ കാരണം, എന്റെ അവസാന ലക്ഷ്യം ദേശീയ അവാർഡല്ല. നാഷണൻ അവാർഡ് എന്നെ സംബന്ധിച്ച് ഒരു ഫുൾസ്റ്റോപ്പല്ല, ഒരു കോമ മാത്രമാണ്. എന്റെ മുമ്പിലേക്ക് ഒരുപാടു വഴി ഇനിയുമുണ്ട്.

നാഷണൽ അവാർഡ് ഒരു പ്രചോദനമാണ്. ദേശീയ അവാർഡ് കിട്ടി എന്ന ഇമേജ് എനിക്ക് അഭിനയിക്കുമ്പോൾ കൊണ്ടുവരാൻ പറ്റുമോ, ഒരിക്കലുമില്ല. ഇപ്പോൾ കാണിക്കുന്ന ആത്മാർഥത ഇനിയും തുടർന്നുകൊണ്ടേയിരിക്കും. ജീവിതാവസാനം വരെ കഠിനപ്രയത്നം തുടർന്നുകൊണ്ടേയിരിക്കണം എന്ന തിരിച്ചറിവാണ് ഈ നാഷണൽ അവാർഡ് നൽകുന്നത്.

### മിമിക്രിക്കാരോട് അവഗണന

ആഗ്രഹമുള്ള എല്ലാ ചെറുപ്പക്കാരും സിനിമയിലേക്കു വരണം എന്ന് ആഗ്രഹിക്കുന്നയാളാണ് ഞാൻ. സിനിമയിലല്ല ജീവിതത്തിലായാലും ഒരു ലക്ഷ്യത്തിൽ എത്തണമെന്ന് ആഗ്രഹിക്കുന്നവർക്ക് അതു മാത്രമാണ് അവരുടെ ലക്ഷ്യമെങ്കിൽ തീർച്ചയായും അവിടെ എത്താൻ പറ്റും. എന്നെ സംബന്ധിച്ച് ഒരുവശത്ത് സിനിമയും ഒരു വശത്ത് കുടുംബവും മാത്രമാണ് എന്റെ ജീവിതം. മിമിക്രിക്കാരനെന്ന നിലയിൽ ഞാൻ അഭിമാനിക്കുന്നു. വന്ന വഴി ഞാൻ മറക്കില്ല. അത്തരത്തിൽ എത്താൻ ആഗ്രഹിക്കുന്നവർക്ക് ഒരു പ്രചോദനമാകാൻ കഴിഞ്ഞാൽ അതാണെന്റെ ജീവിതത്തിലെ ഏറ്റവും വലിയ സന്തോഷം.

ആർക്കും ഒരു ഉപകാരവുമില്ലാതെ ജീവിക്കുന്നതിനു പകരം ഒരുപാടു പേർക്കു വെളിച്ചമായി ജീവിക്കാൻ കഴിയുക എന്നത് ഒരനുഗ്രഹമാണ്

### മലയാളത്തിന്റെ ഡി കാപ്രിയോ

കഴിഞ്ഞ കുറേ വർഷമായി സംസ്ഥാന അവാർഡിൽ എന്റെ പേരു വരാറുണ്ടായിരുന്നു. പക്ഷേ കിട്ടിയില്ല. എന്നാൽ അതിൽ ഞാൻ നിരാശപ്പെട്ടിരുന്നില്ല. ആളുകളുടെ പ്രതികരണം ഞാൻ കാണാറുണ്ട്. വർഷങ്ങളായി ഓസ്കർ അവാർഡിനു പരിഗണിക്കപ്പെട്ടിട്ടും അവസാനറൗണ്ടിൽ പുറത്തായിപ്പോകുന്ന ആളായിരുന്നു ടൈറ്റാനിക് നായകൻ ഡി കാപ്രിയോ. ഇതിലെ സമാനതകൾ കൊണ്ട് എന്നെ മലയാളത്തിന്റെ ഡി കാപ്രിയോ എന്ന് സംബോധനചെയ്തതു ശ്രദ്ധയിൽ പെട്ടിരുന്നു. എന്നാൽ അതിലൊന്നും ഞാൻ പ്രതികരിച്ചിരുന്നില്ല. എല്ലാം വരേണ്ട സമയമാകുമ്പോൾ വരും എന്നു വിശ്വസിക്കുന്നയാളാണ് ഞാൻ. പ്രേക്ഷകരുടെ സ്നേഹം ഭയങ്കരമായി തിരിച്ചറിഞ്ഞ നിമിഷമായിരുന്നു ഇതെല്ലാം.

### സോഷ്യൽ മീഡിയയിൽ ഭരത് ജയസൂര്യ

അവാർഡ് കിട്ടാതെ പോയപ്പോൾ ഞങ്ങളുടെ അവാർഡ് ജയേട്ടനാണ് എന്നുപറഞ്ഞ വ്യക്തികളുണ്ട്. ദേശീയ അവാർഡ് കിട്ടിക്കഴിഞ്ഞപ്പോൾ ഞങ്ങളുടെ ആശാനു പുരസ്കാരം ലഭിച്ചു, ഞങ്ങളുടെ പ്രാർഥന ദൈവം കേട്ടു എന്നൊക്കെ സോഷ്യൽ മീഡിയയിൽ വന്നു. തീർച്ചയായും എന്റെ ശക്തി എന്റെ പ്രേക്ഷകരാണ്, ഒരു സംശയവുമില്ല. ശ്രീലങ്കൻ ക്രിക്കറ്റ് ടീം മുൻ ക്യാപ്റ്റൻ സനത് ജയസൂര്യയുടെ പേരിനോടു സാമ്യപ്പെടുത്തി ദേശീയ അവാർഡ് കിട്ടിയ ശേഷം ചില ആരാധകർ ഭരത് ജയസൂര്യ എന്നു പോസ്റ്റ് ചെയ്തിരുന്നു. മികച്ച നടനുള്ള ദേശീയ പുരസ്കാരമല്ല ലഭിച്ചതെങ്കിലും ഈ സംബോധനയിൽ വളരെ സന്തോഷം തോന്നി.

### അവാർഡ് ഇന്ത്യ-പാക്കിസ്ഥാൻ കളിപോലെ

ദേശീയ അവാർഡ് എനിക്ക് ഇന്ത്യ-പാക്കിസ്ഥാൻ കളിപോലെയാണ് തോന്നിയിട്ടുള്ളത്. കളി കാണുമ്പോൾ നമ്മൾ പ്രാർഥിക്കുന്നത് നമ്മുടെ ടീം ജയിക്കണേ എന്നാണ്. ദേശീയ അവാർഡ് പ്രഖ്യാപിക്കുമ്പോഴും നമ്മളിൽ ആരെങ്കിലും ഉണ്ടാകണേ എന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. സുരാജേട്ടനു കിട്ടിയപ്പോഴും സലിംകുമാറിനു കിട്ടിയപ്പോഴും ഞാൻ അതീവ സന്തോഷത്തിലായിരുന്നു. നമ്മുടെ കേരളത്തിലേക്കു പുരസ്കാരം അവർ കൊണ്ടുവരികയാണ്. ഒരു വ്യക്തിക്കു കിട്ടിയ പുരസ്കാരമാണെങ്കിലും മലയാളസിനിമയ്ക്കു കിട്ടിയ അവാർഡാണത്. ഇതും ജയസൂര്യക്കു കിട്ടിയ അവാർഡ് എന്നതിലുപരി മലയാളത്തിനു കിട്ടിയ അംഗീകാരമാണ്. അങ്ങനെ കാണാനാണ് ഞാൻ ആഗ്രഹിക്കുന്നത്.

### പിന്തുണയ്ക്കാൻ ആളില്ലാത്തത് ധൈര്യം

പിന്നിൽ നിന്നു പിന്തുണയ്ക്കാൻ ആരുമില്ലാതെ വന്നയാളാണല്ലോ ഞാൻ. അതു തന്നെയാണ് എന്റെ ശക്തി. തോളത്തു കൈയിടാൻ എപ്പോഴും ഒരാളുണ്ടാവുകയും ഒരു നിമിഷം അതില്ലാതെ പോവുകയും ചെയ്താൽ നമ്മുടെ കാലിന്റെ ശക്തി കുറയും. എന്റെ തോളത്തു കൈയിടാൻ ആളില്ല, അതുകൊണ്ട് എന്റെ കാലിനു ശക്തിയുണ്ട്. നടക്കുമ്പോൾ ചിലപ്പോൾ വീണേക്കാം. പക്ഷേ അവിടെ കിടക്കില്ല, എഴുന്നേറ്റു നടക്കുക തന്നെ ചെയ്യും. മറ്റൊരാളുടെ തോളിനേക്കാൾ എന്റെ കാലുകളെ ഞാൻ വിശ്വസിക്കുന്നു.

### പുതിയ പ്രൊജക്ടുകൾ

രണ്ടു സിനിമകളാണ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. ഒന്ന് റോഷൻ ആൻഡ്രൂസിന്റെ സ്കൂൾ ബസ്. ഞാനും കുഞ്ചാക്കോ ബോബനും അപർണാ ഗോപിനാഥും അഭിനയിക്കുന്ന സിനിമയാണത്. അടുത്തത് ഐഡിഐ അഥവാ ഇൻസ്പെക്ടർ ദാവൂദ് ഇബ്രാഹിം. വമ്പൻ താരനിരയുള്ള ഈ ചിത്രം എന്റെ കരിയറിലെ ഏറ്റവും വലിയ സിനിമ. ആറര-ഏഴു കോടി രൂപ മുതൽമുടക്കുള്ള വലിയൊരു പ്രൊജക്ടാണത്. ഇതിൽ ശിവദയാണ് നായികയായെത്തുന്നത്.

